## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1953** **08.03.2018 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീ.എ.എൻ.ഷംസീർ**

**ഉത്തരം:**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പു മന്ത്രി**

## തലശ്ശേരി – ഇരിക്കൂർ റോഡ്

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി – ഇരിക്കൂർ റോഡിന് തുക വകയിരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കാമോ; | 2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി-ഇരിക്കൂർ റോഡിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി) | തലശ്ശേരി-ഇരിക്കൂർ റോഡിന്റെ സമഗ്ര വികസനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ? | തലശ്ശേരി- ഇരിക്കൂർ റോഡ് 0/000 മുതൽ 31/240 വരെ കി.മീ ആണ്. അതിൽ 0/000 മുതൽ 3/300, 21/330 മുതൽ 30/200 എന്നീ കിലോമീറ്ററുകളിൽ മുൻ വർഷങ്ങളിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. തലശ്ശേരി-ഇരിക്കൂർ റോഡിന്റെ സമഗ്രവികസനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം-എ യിൽ ചേർത്തിരിക്കുന്നു. |

Sajeev

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം-എ</u>

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നബാർഡ് ആർ.ഐ.ഡി.എഫ് XIX - തലശ്ശേരി-ഇരിക്കൂർറോഡ് കി.മീ.15/100 മുതൽ 21/330 വരെ അഭിവൃദ്ധിപ്പെടുത്തൽ | 860 | 60% പൂർത്തീകരിച്ചു |
| 2 | ബഡ്ജറ്റ് 2016-17 എയർപോർട്ട് റോഡ് - തലശ്ശേരി-ഇരിക്കൂർ റോഡ് കി.മീ.3/300 മുതൽ 10/000 വരെ അഭിവൃദ്ധിപ്പെടുത്തൽ. | 652 | പൂർത്തീകരിച്ചു |
| 3 | കിഫ്ബി-കൊടുവള്ളി പിണറായി-അഞ്ചരക്കണ്ടി കണ്ണൂർ എയർപോർട്ട് നാലുവരി പാത അഭിവൃദ്ധിപ്പെടുത്തൽ | 5000 | ഭരണാനുമതി ലഭിക്കുകയും അലൈൻമെന്റ് പ്ലാൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | തലശ്ശേരി-ഇരിക്കൂർ റോഡ് കി.മീ.30/200 മുതൽ 31/240 വരെ ഉപരിതലം പുതുക്കൽ | 25 | പ്രവൃത്തി നടന്നുവരുന്നു. |

Sajeesh

**സെക്ഷൻ ഓഫീസർ**